കേരള സർവ്വകലാശാല ഓർഡിനൻസിൽ യു. ജി. സി. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഭേദഗതി നടപടി സംബന്ധിച്ച്

106 [3089] *ശ്രീ. ലൂഡി ലൂയിസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിലെ ലൈബ്രറി ജീവനക്കാരിൽ അസിസ്റ്റന്റ് ലൈബ്രേറിയൻ, ഡെപ്യൂട്ടി ലൈബ്രേറിയൻ, ലൈബ്രേറിയൻ തസ്തികകളിൽ യു.ജി.സി. സ്കീം നടപ്പിലാക്കിയപ്പോൾ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് 2 ഉം അതിന് മുകളിലും ഏത് തീയതിയിൽ ജോലി ചെയ്തിരുന്നവർക്ക് യു.ജി.സി. യോഗ്യതയിൽ ഇളവ് നൽകിയിരുന്നു; എങ്കിൽ പ്രസ്തുത ജീവനക്കാർക്ക് ഓർഡിനൻസിൽ ഭേദഗതി വരുത്താതെതന്നെ ഏത് തീയതി മുതൽ യു.ജി.സി. ശമ്പള സ്കെയിൽ അനുവദിക്കുകയുണ്ടായി;

(ബി) 31-3-1990-നുശേഷം പ്രസ്തുത തസ്തികകളിലേക്ക് താൽക്കാലിക പ്രമോഷൻ ലഭിച്ച യു.ജി.സി. യോഗ്യത ഇല്ലാത്ത അസിസ്റ്റന്റ് ലൈബ്രേറിയൻമാർക്ക് യു.ജി.സി. യോഗ്യതയിൽ ഇളവ് നൽകി സംസ്ഥാന ശമ്പള സ്കെയിലുകൾക്ക് പകരം യു.ജി.സി. സ്കെയിൽ അനുവദിക്കുവാൻ കേരള സർവ്വകലാശാല തീരുമാനം എടുത്ത് സർക്കാരിലേക്ക് ശുപാർശ ചെയ്തിരുന്നോ; പ്രസ്തുത ശുപാർശയിൻമേൽ യു.ജി.സി. കേരള സർക്കാരിന് എന്ത് മറുപടിയാണ് നൽകിയത്; യു.ജി.സി.യുടെ പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ എല്ലാ സർവ്വകലാശാലകൾക്കും സർക്കാർ നിർദ്ദേശം നൽകുകയുണ്ടായോ;

(സി) എങ്കിൽ പ്രസ്തുത നിർദ്ദേശം കേരള സർവ്വകലാശാലയ്ക്ക് ലഭിച്ചിരുന്നോ; പ്രസ്തുത നിർദ്ദേശം കണക്കിലെടുക്കാതെ കേരള സർവ്വകലാശാല ലൈബ്രറി ജീവനക്കാർക്ക് എന്തെല്ലാം ഇളവുകൾ നൽകാൻ തീരുമാനമെടുത്തു എന്ന് വിശദമാക്കുമോ; ഈ ഇളവുകൾ കേരള സർവ്വകലാശാല പരിധിയിൽവരുന്ന അഫിലിയേറ്റഡ് കോളേജുകളിലെയും ഗവൺമെന്റ് കോളേജുകളിലെയും ലൈബ്രറി ജീവനക്കാർക്കും ലഭ്യമാക്കുമോ എന്ന് വിശദമാക്കുമോ;

(ഡി) ഏത് തീയതിവരെ എം.ഫിൽ/പി.എച്ച്.ഡി. എന്നീ യോഗ്യതകൾ നേടിയവരെ യു.ജി.സി., നെറ്റ് പരീക്ഷ പാസ്സാകുന്നതിൽനിന്നും യു.ജി.സി.യും കേരള സർക്കാരും ഒഴിവാക്കിയിട്ടുണ്ട്. കേരള സർവ്വകലാശാലാതലത്തിൽ യു.ജി.സി., നെറ്റ് പരീക്ഷ പ്രത്യേകം നടത്തുവാനുള്ള ഏജൻസിയായി കേരള സർവ്വകലാശാലയെ യു.ജി.സി. അംഗീകരിച്ചിട്ടുണ്ടോ; യു.ജി.സി., നെറ്റ് പരീക്ഷാകേന്ദ്രമായ കേരള സർവ്വകലാശാലയിൽ വർഷത്തിൽ എത്ര പ്രാവശ്യം ലൈബ്രറി സയൻസ് വിഷയത്തിൽ നെറ്റ് പരീക്ഷ യു.ജി.സി. നേരിട്ട് നടത്തിവരുന്നുണ്ടെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടിൽ/ഓർഡിനൻസിൽ ലൈബ്രറി ജീവനക്കാരുടെ കാര്യത്തിൽ യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് യോഗ്യതയും നിയമനരീതിയും ഉൾപ്പെടുത്തുന്നതിനുള്ള ഭേദഗതി ഒരു ദശകത്തിൽ കൂടുതലായി നടപടി സ്വീകരിച്ചു വരുന്നുണ്ടെങ്കിലും ഒരിടത്തും എത്തിച്ചേർന്നിട്ടില്ലായെന്നും ആറുമാസത്തിനകം പ്രസ്തുത ഭേദഗതി നടപടി പൂർത്തീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി 13-9-2004-ൽ നിർദ്ദേശം നൽകിയിട്ടും യു.ജി.സി. അംഗീകരിക്കാത്ത വിവിധ യോഗ്യത ഇളവിന്റെ കാര്യത്തിൽ വിവിധ തീയതികളിൽ വിവിധ തീരുമാനങ്ങൾ എടുത്ത് ഭേദഗതി നടപടികൾ ദീർഘിപ്പിക്കുന്നതുകൊണ്ട് അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം നടത്തുവാൻ കഴിയുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ നടപടി പൂർത്തീകരിക്കുവാൻ കേരള സർവ്വകലാശാലക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) — (എഫ്) വിശദാംശങ്ങൾ സർവ്വകലാശാലയിൽനിന്നും ലഭ്യമാക്കി മറുപടി നൽകുന്നതാണ്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ എൻ.എസ്.എസ്. ഫണ്ട് ദുർവിനിയോഗം

107 [3090] *ശ്രീ. ലൂഡി ലൂയിസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ 2000-2005 കാലയളവിലെ എൻ.എസ്.എസ്. പ്രവർത്തനത്തിലെ ഫണ്ട് ദുർവിനിയോഗത്തെക്കുറിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിരുന്നോ;

(ബി) എങ്കിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയെന്നും ഇത് സംബന്ധിച്ച് എന്ത് നടപടിയെടുത്തു എന്നും ഈ നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്ത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2005 മേയ് മാസത്തിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം സംസ്കൃത സർവ്വകലാശാലയിൽ ഇത് സംബന്ധിച്ച് പരിശോധന നടത്തിയിരുന്നു.

(ബി) പരിശോധന സംബന്ധിച്ച റിപ്പോർട്ട് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly